Coverage Report: TCS IT Wiz – Kochi Edition

# ടിസിഎസ് ഐടി വിസ് 2016 ക്വിസ് മത്സരം: നേവി ചിൽഡ്രൻ സ്കൂൾ ജേതാക്കൾ

## വിജയികൾ മുംബൈയിൽ നടക്കുന്ന ദേശീയ ഫൈനലിൽ മത്സരിക്കും

**കൊച്ചി:** ഐടി സേവന രംഗത്തെ മുൻനിരക്കാരായ ടാറ്റ കൺസൾട്ടൻസി സർവീസസ് സംഘടിപ്പിച്ച ടിസിഎസ് ഐടി വിസ്2016 ക്വിസ് മത്സരത്തിൽ നേവി ചിൽഡ്രൻ സ്കൂൾ ജേതാക്കളായി. കൊച്ചി കലൂർ ഗോകുലം പാർക്ക് ആൻഡ് കൺവെൻഷൻ സെന്ററിൽ നടന്ന ഫൈനലിൽ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ നിന്നായി 1100ലധികം കുട്ടികളാണ് പങ്കെടുത്തത്. എട്ടാം ക്ലാസ്മുതൽ പന്ത്രണ്ടാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന ഫീസ് ഇല്ലാതെയായിരുന്നു മത്സരം.

സാങ്കേതിക വിദ്യയുടെ സാധ്യതകൾ കുട്ടികൾക്ക് മുന്നിൽ തുറന്നിടുന്ന ഈ മത്സരത്തിന്റെ വിഷയം 'ഡീഫോൾട്ട് ഈസ് ഡിജിറ്റൽ' എന്നതായിരുന്നു. പ്രാഥമിക ഘട്ടത്തിലെ എഴുത്തു പരീക്ഷയിൽ മുന്നിട്ടു നിന്ന ആറ് ടീമുകൾക്കാണ് പ്രാദേശിക ഫൈനലിൽ പങ്കെടുക്കാനായത്. നേവി ചിൽഡ്രൻ സ്കൂളിലെ നന്ദു കൃഷ്ണൻ, അർജുൻ സുനിൽ എന്നിവരാണ് പ്രാദേശിക ഫൈനലിലെ അഞ്ച് ഘട്ടങ്ങളിലും വിജയിച്ച് ആദ്യസ്ഥാനത്തെത്തിയത്. മെഡലുകൾക്കും ട്രോഫികൾക്കും പുറമെ പ്രാദേശിക ഫൈനലിലെ ചാമ്പ്യൻമാർക്ക് ഐ പാഡ് എയർ സമ്മാനമായി നൽകി.

എരൂർ ഭവൻസ് വിദ്യാമന്ദിറിലെ അശ്വിൻ എം പ്രഭു, അതുൽ സത്യൻ എന്നിവർ രണ്ടാം സ്ഥാനത്തെത്തി. റണ്ണേഴ്സ് അപ്പിന് ഐ പാഡ് മിനിയാണ് സമ്മാനമായി നൽകിയത്. ഫൈനൽ റൗണ്ടിലേക്ക് പ്രവേശിച്ച ആറ് പേർക്കും സമ്മാനങ്ങൾ നൽകി. ഒന്നാം സമ്മാനം നേടിയ ടീമിന് മുംബൈയിൽ നടക്കുന്ന ദേശീയ ഫൈനലിൽ പങ്കെടുക്കാൻ മാതാപിതാക്കൾക്കൊപ്പമോ അധ്യാപകർക്കൊപ്പമോ മുംബൈയിലേക്ക് പോകാം.

പ്രശസ്ത ക്വിസ് മാസ്റ്റർ ഗിരി 'പിക്ക് ബ്രെയിൻ' ബാലസുബ്രഹ്മണ്യത്തിന്റെ നേതൃത്വത്തിലാണ് മത്സരം നടന്നത്.




*ടിസിഎസ് ഐടി വിസ്2016 കൊച്ചി എഡിഷൻ ജേതാക്കളായ നേവി ചിൽഡ്രൻ സ്കൂളിലെ നന്ദു കൃഷ്ണൻ, അർജുൻ സുനിൽ എന്നിവർ ടിസിഎസ് വൈസ്പ്രസിഡന്റും ഡെലിവറി സെന്റർ മേധാവിയുമായ ദിനേശ് പി തമ്പി, കേരളാടെക്നിക്കൽ യൂണിവേഴ്സിറ്റിവൈസ് ചാൻസിലറായ കുഞ്ചെറിയ പി ഐസക്ക് എന്നിവരിൽ നിന്നും ഉപഹാരം ഏറ്റുവാങ്ങുന്നു.*